ഇത്തരത്തിൽ പോലീസ് മേധാവിയിൽനിന്നും ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ മറുപടിയാണ് കഴിഞ്ഞ സമ്മേളനത്തിൽ നൽകിയിരുന്നത്. എന്നാൽ ബഹുമാനപ്പെട്ട എം.എൽ.എ.യുടെ കത്തിന്റെ അടിസ്ഥാനത്തിൽ വിശദമായ പരിശോധനയും അന്വേഷണവും നടത്തിയതിൽ പോലീസിന്റെ ഭാഗത്തുനിന്നും സമർപ്പിച്ച വിവരത്തിലെ പിഴവാണ് ഇതിന് കാരണമായിട്ടുള്ളതെന്ന് വെളിപ്പെടുകയുണ്ടായി. തുടർന്ന് വകുപ്പിന്റെ 22-4-2017-ലെ നമ്പർ100421/എസ്.സി3/2016/ആഭ്യന്തരം കത്തുപ്രകാരം വിശദമായ മറുപടി ബഹുമാനപ്പെട്ട എം.എൽ.എ.-യ്ക്ക് അയച്ചുനൽകിയിട്ടുണ്ട്. നിയമസഭാ ചോദ്യത്തിന് മറുപടി തയ്യാറാക്കുന്നതിലേയ്ക്കാവശ്യമായ വിവരങ്ങളിൽ വസ്തുതാപരമായ പിഴവ് വന്ന ചേരാനിടയായ സംഭവം സർക്കാർ ഗൗരവകരമായി കാണുകയും ബന്ധപ്പെട്ടവർക്ക് താക്കീത് നൽകുകയും ചെയ്തിട്ടുണ്ട്.

## വിജിലൻസ് കേസ്സ്

191 (193) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിലെ മുൻമന്ത്രിമാർ, മന്ത്രിമാർ എന്നിവരിൽ ആരുടെയെല്ലാം പേരിൽ വിജിലൻസ് കേസ് എടുത്തിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) എത്ര കേസ്സുകൾ അന്വേഷണം നടത്താൻ ഉത്തരവിട്ടിട്ടുണ്ട് ; കേസ്സുകൾ സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഓരോ കേസ്സിലും കുറ്റപത്രം തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) ഓരോ അന്വേഷണത്തിന്റെയും നിലവിലുള്ള സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഈ സർക്കാരിലെ മുൻ വ്യവസായ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. ഇ. പി. ജയരാജനെതിരെ വി.സി.01/2017/എസ്.ഐ.യു.-2 എന്ന വിജിലൻസ് കേസ് നടന്നുവരുന്നു. കോടതി ഉത്തരവ് പ്രകാരം സ്റ്റേയിലാണ്.

(ബി) ഒന്ന്. ശ്രീ. ഇ. പി. ജയരാജനെതിരെയുള്ള കേസ്സ് അന്വേഷണ ഘട്ടത്തിലാണ്.

(സി&ഡി) കുറ്റപത്രം തയ്യാറാക്കിയിട്ടില്ല. വി.സി.01/2017/എസ്.ഐ.യു.-2 നമ്പർ കേസ് അന്വേഷണ വേളയിൽ കോടതി ഉത്തരവ് പ്രകാരം സ്റ്റേയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly